ഉത്തരം

(എ) ഇല്ല.

(ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികൾ സംഭരണ വില നിശ്ചയിക്കുക, സംഭരണ ഏജൻസികളെ നിയമിക്കുക, സംഭരണപ്രക്രിയ അവലോകനം ചെയ്ത് യഥാസമയം വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നു. സംഭരിച്ച നെല്ലിന് ക്വിന്റലിന് 65 രൂപ നിരക്കിൽ കൈകാര്യച്ചിലവും 10 രൂപ ഗോഡൗൺ ചാർജ്ജും നൽകുന്നു. കൂടാതെ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കി എഫ്. സി. ഐ.-ക്കു നൽകി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകുകയും കോർപ്പറേഷൻ നെല്ലു സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുഞ്ച സീസണിൽ 110657.958 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞു.

കൃഷി വികസനത്തിന് കേന്ദ്ര സഹായം

112 [414] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ കൃഷി വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ എന്തു തുക വീതം ചെലവഴിച്ചു;

(സി) ഇതേ കാലയളവിൽ കാർഷിക വികസനത്തിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) എന്തെല്ലാം പദ്ധതികൾക്ക് എന്തുതുക വീതം ധനസഹായമായി ലഭിച്ചിട്ടുണ്ട്;

(ഇ) കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്ലാൻ

2001-2002	..	14454.03 ലക്ഷം രൂപ
2002-2003	..	17074.77 ലക്ഷം രൂപ
2003-2004	..	9564.35 ലക്ഷം രൂപ
2004-2005	..	13660.17 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

നോൺ പ്ലാൻ

2001-2002	..	2013.729 ലക്ഷം രൂപ
2002-2003	..	1861.80 ലക്ഷം രൂപ
2003-2004	..	1861.80 ലക്ഷം രൂപ
2004-2005	..	2861.80 ലക്ഷം രൂപ

(ബി) പ്ലാൻ

2001-2002	..	11595.31 ലക്ഷം രൂപ
2002-2003	..	13275.99 ലക്ഷം രൂപ
2003-2004	..	8541.98 ലക്ഷം രൂപ
2004-2005	..	12770.56 ലക്ഷം രൂപ

നോൺ പ്ലാൻ

2001-2002	..	2013.60 ലക്ഷം രൂപ
2002-2003	..	1861.80 ലക്ഷം രൂപ
2003-2004	..	1851.04 ലക്ഷം രൂപ
2004-2005	..	2832.885 ലക്ഷം രൂപ

(സി) ഇതേ കാലയളവിൽ കാർഷിക വികസനത്തിനായി കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

2001-2002	..	5589.06 ലക്ഷം
2002-2003	..	3771.975 ലക്ഷം
2003-2004	..	3812.58 ലക്ഷം
2004-2005	..	5658.05 ലക്ഷം

(ഡി) 2001-2002-ൽ ജാഗിക കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 178 ലക്ഷം രൂപയും 100% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി മാക്രോ മാനേജ്മെന്റ് ഉൾപ്പെടെ 5288.06 ലക്ഷം രൂപയും അങ്ങനെ ആകെ 5466.06 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ കബനീ നദീതട പദ്ധതിക്കായി 103 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

2002-2003-ൽ

75% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 6.7 ലക്ഷം രൂപയും 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 690.17 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റിന് 2762 ലക്ഷം രൂപയും അങ്ങനെ ആകെ 3458.87 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ കബനീ നദീതട പദ്ധതിയ്ക്കായി 313.105 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

2003-2004-ൽ

50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 9.38 ലക്ഷം രൂപയും 75% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 10.50 ലക്ഷം രൂപയും 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 1114.70 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റിന് 2348 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. കൂടാതെ കബനീ നദീതട പദ്ധതിയ്ക്കായി 300 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2004-2005-ൽ

50% കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി 6.39 ലക്ഷം രൂപ, 75% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 811.32 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റിന് 4583.19 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. കബനീ നദീതട പദ്ധതിയ്ക്കായി 252.15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഇ) ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക മുഴുവനായി ചെലവാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ അടുത്ത വർഷം കേന്ദ്ര സർക്കാർ റീ-വാലിഡേഷൻ അനുമതി നൽകാറുണ്ട്. ആയതിനാൽ ടി കേന്ദ്ര സഹായം സംസ്ഥാന സർക്കാരിന് നഷ്ടമാകുന്നില്ല.

ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാൻ നടപടി

113 [415] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *ബി. വിജയകുമാർ:*

,, *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്ക് വെള്ളം ഉപയോഗിച്ചുകൊണ്ടിരുന്ന എത്ര കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും ഇപ്പോൾ ഉപയോഗിക്കാതെ കിടപ്പുണ്ട്;

(ബി) ഈ കുളങ്ങളെയും ജലസ്രോതസ്സുകളെയും പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ ഒരു പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്ര സഹായം ലഭിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് കോഴിക്കോട് ജലവിഭവ വികസനകേന്ദ്രം 1989-ൽ കേരളത്തിൽ വിവിധ ഉപയോഗങ്ങൾക്കായി നിലവിലുള്ള കുളങ്ങളെക്കുറിച്ചും മറ്റ് ജലസ്രോതസ്സുകളെക്കുറിച്ചും നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 0.5 ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കുളങ്ങൾ പഠന വിധേയമാക്കിയപ്പോൾ അപ്രകാരമുള്ള 995 കുളങ്ങളിൽ 766 എണ്ണം ജലസേചനാവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നും ബാക്കിയുള്ള 229 എണ്ണം ഉപയോഗപ്പെടുത്തുന്നില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) & (സി) കൃഷിയുമായി നേരിട്ട് ബന്ധമുള്ള ജലാശയങ്ങളുടെ കേടുപാടു പോക്കൽ, നവീകരണം, സംരക്ഷണം എന്ന സെൻട്രലി സ്പോൺസേർഡ് സ്കീം നിലവിലുണ്ട്. ഇതിൽ കേരളത്തിൽ നിന്നും പാലക്കാട്, പത്തനംതിട്ട ജില്ലകളെ തെരഞ്ഞെടുക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് ജലവിഭവ വകുപ്പിൽ നിന്ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly